തീർച്ചയായും ഇവിടെയും ഈ സംവിധാനത്തെ സംബന്ധിച്ച് കൂടുതൽ പഠിച്ച് മനസ്സിലാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : കേരളത്തിൽ പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി ധാരാളം എൻ.ആർ.ഐ. മലയാളികൾ മുന്നോട്ടു വന്ന സാഹചര്യം കണക്കിലെടുത്തുകൊണ്ട്-ഇപ്പോൾ സംസ്ഥാനത്ത് പ്ലോട്ടുകളൊക്കെ തിരിച്ചു കൊടുക്കാൻ പോകുന്നു, പുതിയ പാർക്കുകളിൽ (പ്രത്യേകിച്ച് കോഴിക്കോട്, മലപ്പുറം എന്നിവിടങ്ങളിൽ ആരംഭിക്കുന്ന, കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ അടുത്ത് ആരംഭിക്കാൻ പോകുന്ന പാർക്ക് ഉൾപ്പെടെ) ഏതെങ്കിലും പാർക്കുകൾ പ്രത്യേകമായി മാറ്റിവയ്ക്കുന്നുണ്ടോ, ആ രീതിയിലുള്ള ചർച്ചകൾ പലതും നടന്നുവെന്നു പത്രവാർത്തകളുണ്ട്. എന്തെങ്കിലും തീരുമാനങ്ങൾ അത് സംബന്ധിച്ച് ഉണ്ടായിട്ടുണ്ടോ? അവർക്ക് പ്രത്യേകമായി എന്തൊക്കെ കൺസെഷനാണ് നൽകുന്നത്?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : പ്രവാസി മലയാളികളെ സംബന്ധിച്ചും വിവിധ സ്കീമുകളെ സംബന്ധിച്ചിട്ടുള്ളത് അനുബന്ധമായിട്ട് ചേർത്തിട്ടുണ്ട്. വ്യവസായ പാർക്കുകളിൽ വിദേശ മലയാളികൾക്ക് ആവശ്യമായിട്ടുള്ള എല്ലാ തരത്തിലുള്ള സൗജന്യവും അതുപോലെ ലോൺ കിട്ടാനുള്ള സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നു.

<u>ശ്രീ. കെ. ബാബു</u> : നമ്മുടെ സംസ്ഥാനത്ത് അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി അടിസ്ഥാന സൗകര്യവികസനനിധി രൂപീകരിക്കുകയുണ്ടായി. ഓർഡിനൻസിലൂടെയാണ് അതിനുള്ള നിയമം കൊണ്ടുവന്നത്. പിന്നീട് നിയമസഭ അത് പാസ്സാക്കുകയും ചെയ്തു. 506 കോടി രൂപ ഉയർന്ന പലിശ കൊടുത്ത്, സർക്കാർ സമാഹരിക്കുകയുണ്ടായി. ആ 506 കോടി രൂപയിൽ എത്ര രൂപ ഇതിനകം അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കാൻ വേണ്ടി വിനിയോഗിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : കൃത്യമായിട്ടുള്ള ഒരു കണക്കില്ല. ഏകദേശം വിവിധ കമ്പനികൾക്കായി 15 കോടിയിൽപ്പരം രൂപ കൊടുത്തതായി കണക്കുകളിൽ കാണുന്നുണ്ട്.

3 (*423) പി.എം.ആർ.വൈ. വായ്പാ പദ്ധതി

<u>ശ്രീ. വി. ബാലറാം</u> :
<u>ശ്രീമതി റോസമ്മ ചാക്കോ</u> :
<u>ശ്രീ. എ.കെ. മണി</u> :
<u>ഡോ. എം.എ. കുട്ടപ്പൻ</u> :
<u>ശ്രീമതി രാധാ രാഘവൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ആർ.വൈ. പദ്ധതി അനുസരിച്ച് നൽകുന്ന വായ്പകൾക്ക് എത്ര ശതമാനം പലിശയാണ് ഈടാക്കുന്നത്;

(ബി) ഈ പദ്ധതി അനുസരിച്ച് വായ്പ നൽകുന്നവർക്ക് അവർ ഉദ്ദേശിക്കുന്ന പ്രകാരമുള്ള പദ്ധതി നടപ്പാക്കാൻ സംസ്ഥാന സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത്;

(സി) ഇവർക്ക് സർക്കാർ ഏജൻസികളിൽ നിന്നും സൗകര്യങ്ങൾ ലഭിക്കാത്തതുമൂലം ഉദ്ദേശിച്ച പദ്ധതി നടപ്പാക്കാൻ കാലതാമസം ഉണ്ടാകു

LIBRARY ARCHIVES Kerala Legislative Assembly

ന്നതുമൂലം വായ്പയ്ക്കു നൽകേണ്ട പലിശയ്ക്ക് എന്തെങ്കിലും ഇളവു നൽകാൻ സർക്കാരിന് അധികാരമുണ്ടോ;

(ഡി) പി.എം.ആർ.വൈ.പദ്ധതി അനുസരിച്ച് വായ്പയെടുത്ത് തിരിച്ചടയ്ക്കാൻ കഴിയാതെ ബുദ്ധിമുട്ടുന്ന എത്രപേർ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര;

(ഇ) ഇവരുടെ കാര്യത്തിൽ സർക്കാരും വായ്പ നൽകിയ ബാങ്കധികാരികളും ലീഡ് ബാങ്കധികൃതരും ചേർന്ന് ചർച്ച നടത്തി പലിശ തുകയിൽ ഇളവ് നൽകുവാൻ നടപടി കൈക്കൊള്ളുമോ?

തദ്വേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ,

(എ) പി.എം.ആർ.വൈ.പദ്ധതി മുഖേന നൽകുന്ന വായ്പയ്ക്കു സാധാരണ ബാങ്ക് പലിശയാണ് ഈടാക്കുന്നത്.

(ബി) വ്യവസായ പദ്ധതികൾക്കായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 20 ദിവസത്തെയും മറ്റു പദ്ധതികൾക്ക് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 10 ദിവസത്തെയും സംരംഭകത്വ വികസന പരിശീലനം നൽകുന്നുണ്ട്. പരിശീലന കാലത്ത് സ്റ്റൈപന്റ് നൽകും.

(സി) പി.എം.ആർ.വൈ പദ്ധതിപ്രകാരം ബാങ്കുകൾ ഈടാക്കുന്ന പലിശ ഇളവു ചെയ്യാൻ സംസ്ഥാന സർക്കാരിന് അധികാരമില്ല.

(ഡി) കണക്കാക്കിയിട്ടില്ല.

(ഇ) അർഹതയനുസരിച്ച് ചില കേസുകളിൽ വ്യവസായവകുപ്പിന്റെ നിർദ്ദേശാനുസരണവും അല്ലാതെയും പിഴപലിശയിലും ബാങ്കുകൾ ഇളവുകൾ നൽകാറുണ്ട്.

ശ്രീ. വി. ബാലറാം : സർ, സ്വയംതൊഴിൽ കണ്ടെത്തുന്നതിന്റെ ഓരോ മേഖലയിലും സാധ്യതകളുള്ള വ്യവസായങ്ങൾക്കുവേണ്ടി ലോണിന് അപേക്ഷിച്ചാൽ പല ബാങ്ക് അധികൃതരും കൊടുക്കാൻ തയ്യാറാകുന്നില്ല. അതുപോലെതന്നെ ഈ പദ്ധതിപ്രകാരം പല ബാങ്കുകാരും സെക്യൂരിറ്റി ആവശ്യപ്പെടുന്നുണ്ട്. സെക്യൂരിറ്റി ആവശ്യമില്ല എന്നാണ് കേന്ദ്ര ഗവൺമെന്റിന്റെ നയം. പിന്നെ, പട്ടികജാതി-പട്ടികവർഗ്ഗക്കാർ, വിധവകൾ, വികലാംഗർ, ഇവർക്കൊന്നും പ്രത്യേകമായിട്ട് ഈ പദ്ധതിവഴി ഒരു പരിഗണനയും കൊടുക്കുന്നില്ല. ഇതിനെക്കുറിച്ച് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഒരുലക്ഷം വരെയുള്ള ലോൺ സ്വന്തം ജാമ്യത്തിൽത്തന്നെ കൊടുക്കുന്നുണ്ട്. ഒരു ലക്ഷത്തിൽ അധികം വരുന്നതിനാണ് സെക്യൂരിറ്റി വേണ്ടത്. പട്ടികജാതിക്കാർക്കും പട്ടികവിഭാഗത്തിൽപ്പെട്ടവർക്കും, വിധവകൾക്കും, വനിതകൾക്കും ഇപ്പോൾ തന്നെ വയസ്സിളവ് അനുവദിച്ചിട്ടുണ്ട്. സാധാരണഗതിയിൽ 18 വയസ്സിനും 35 വയസ്സിനുമിടയിലുള്ള യുവതിയുവാക്കൾക്കാണ് പി.എം.ആർ.വൈ. മുഖേനയുള്ള ലോൺ ലഭ്യമാകുന്നത്. വനിതകൾക്കും പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾക്കും 45 വയസ്സുവരെ എന്ന് ഇളവ് അനുവദിച്ചിട്ടുണ്ട്.

ശ്രീ. വി. ബാലറാം : സർ, പി.എം.ആർ.വൈ.പദ്ധതി പ്രകാരം ലോണെടുത്ത് ചെറിയ വ്യവസായ യൂണിറ്റുകൾ തുടങ്ങുന്ന ആളുകളുടെ ഉൽപന്നങ്ങൾ മറ്റുള്ളവരുമായിട്ട് കോമ്പീറ്റ് ചെയ്തു വിറ്റഴിക്കാൻ പറ്റാത്ത ഒരവസ്ഥ

LIBRARY ARCHIVES Kerala Legislative Assembly

യുണ്ട്. സർക്കാരിന്റെ പല സംവിധാനങ്ങൾ ഉണ്ടെങ്കിലും ആ ഉൽപന്നങ്ങൾ മറ്റുള്ളവരുമായി കോമ്പിറ്റ് ചെയ്തു വിറ്റഴിക്കാനുള്ള സംവിധാനം ഇല്ലാത്തതിന്റെ പോരായ്മ വളരെയധികം അനുഭവിക്കുന്നുണ്ട്. അതുപോലെതന്നെ പി.ഡബ്ല്യു.ഡി. റോഡിന്റെ പുറമ്പോക്കിലുള്ള പെട്ടിക്കടകൾ വരെ ഒരു സുപ്രഭാതത്തിൽ പോലീസിന്റെ സ്വാധീനം ഉപയോഗിച്ച് അവിടെനിന്നും പൊളിച്ചു കളയുകയും അവർ ലോൺ തിരിച്ചടയ്ക്കാൻ ബുദ്ധിമുട്ടുകയും ചെയ്യുന്ന ഒട്ടേറെ അവസ്ഥകളുണ്ട്. അതിന് പരിഹാരം കാണാൻ സർക്കാരിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും നടപടിയുണ്ടാകുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : സർ, ഇവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ടിയുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിന് ചില ശ്രമങ്ങൾ നടത്തിവരുന്നുണ്ട്. അത് വേണ്ടത്ര വിജയകരമാണെന്നു പറയാൻ കഴിയില്ല. റോഡിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ടു ചിലപ്പോൾ കടകൾ പൊളിച്ചു മാറ്റേണ്ടി വരും. ചില സ്ഥലത്തൊക്കെ അത് ചെയ്യുന്നുണ്ട്. അവരെ സഹായിക്കാൻ വേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീമതി റോസമ്മ ചാക്കോ</u> : സർ, തൊഴിൽരഹിതരായ ചെറുപ്പക്കാർക്കും വനിതകൾക്കും കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിനാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ബാങ്കുകളിൽ നിന്നും ലോൺ ലഭിച്ചാലും ഇലക്ട്രിസിറ്റി തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ ലഭിക്കാത്തതുമൂലം യഥാകാലം അത് തുടങ്ങാൻ വളരെ ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. പലിശ വർദ്ധിച്ചും വരുന്നു. അതുകൊണ്ട് സ്ഥാപനം തുടങ്ങാൻ കഴിയുന്നില്ലെന്നു മാത്രമല്ല, ഇതിന് ഈടു കൊടുക്കുന്ന വസ്തു ജപ്തിയാകേണ്ട ഒരു ദുരവസ്ഥയും വന്നിട്ടുണ്ട്. അതിന് എന്തെങ്കിലും സഹായം ചെയ്യാനായി ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : സർ, പി.എം.ആർ.വൈ. അനുസരിച്ച് ലോണെടുക്കുന്ന ആളുകൾക്ക് ഇലക്ട്രിസിറ്റിയുടെ കാര്യത്തിൽ ടോപ്പ് പ്രയോറിറ്റിയാണ് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നത്. പലിശ ഇളവു ചെയ്യുന്ന ചില പ്രത്യേക കേസുകളും ബാങ്കുകളുമായി ചർച്ചചെയ്ത് പരിഹരിക്കുന്നുണ്ട്. ചിലതിനെല്ലാം പലിശയും പിഴപലിശയും ഇളവു ചെയ്തുകൊടുക്കാൻ വേണ്ടി ചില ബാങ്കുകൾ മുന്നോട്ടു വരുന്നുമുണ്ട്.

<u>ശ്രീമതി റോസമ്മ ചാക്കോ</u> : സർ, ഈ തുക യഥാകാലം അടയ്ക്കാത്തതുകൊണ്ടാണ് ലീഡ് ബാങ്കുകൾ ആവശ്യക്കാർക്ക് ആവശ്യാനുസരണം വായ്പ അനുവദിക്കാത്തത് എന്നതിനെപ്പറ്റി ഗവൺമെന്റിന് വല്ല അറിവും ഉണ്ടോ; അതിനുവേണ്ട നിർദ്ദേശം കൊടുക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : സർ, അടയ്ക്കാത്തതു മാത്രമല്ല ബാങ്കുകൾക്ക് നമ്മോടുള്ള സമീപനവും അങ്ങനെയാണ്. കൂടുതൽ ലോൺ കൊടുക്കാതിരിക്കുന്ന ഒരു സമീപനവും ഉണ്ട്. ചില സ്ഥലത്തൊക്കെ അടയ്ക്കാത്ത പ്രശ്നവുമുണ്ട്.

<u>ശ്രീ. എ.കെ. മണി</u> : സർ, നമ്മുടെ സംസ്ഥാനത്ത് ഇങ്ങനെ വായ്പ എടുക്കുന്ന ആളുകൾ പലപ്പോഴും റിഫണ്ട് ചെയ്യാതിരിക്കുന്നു. അങ്ങനെ നമ്മുടെ സംസ്ഥാനത്ത് ഒരുപാട് കോടികൾ കളക്ട് ചെയ്യാതിരിക്കുകയാണ്. അതിനെപ്പറ്റി റിവ്യൂ ചെയ്യുന്നതിന് ഒരു സംവിധാനം നമ്മുടെ സംസ്ഥാനത്തില്ല. പലപ്പോഴും നമ്മൾ ജില്ലാ കമ്മിറ്റിയിൽ ഒക്കെ പറയാറുണ്ട്. ബാങ്കിന്റെ മാനേജർമാർ ലോൺ ചോദിച്ചാൽ കൊടുക്കുന്നതിൽ കാണിക്കുന്ന താൽപ്പര്യം,

LIBRARY ARCHIVES Kerala Legislative Assembly

അതിൽ പല കാര്യങ്ങളുമുണ്ട്. പിന്നെ അത് കളക്ട് ചെയ്യുന്ന കാര്യത്തിൽ കാണിക്കാറില്ല. അതുകൊണ്ട് നമ്മുടെ നാടിന്റെ സമ്പത്ത് നഷ്ടപ്പെടുത്തുകയാണ്. ഇവർ എന്തു ചെയ്തിരിക്കുന്നു എന്നുള്ളതിനെപറ്റി ആർക്കും അറിയില്ല. ഇവർ എന്താണ് ചെയ്തത് എന്ന് റിവ്യൂ ചെയ്യാൻ ഒരു പ്രത്യേക മോണിറ്ററിംഗ് സെൽ സംസ്ഥാനത്ത് രൂപീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : സർ, ഇപ്പോൾ പല സ്ഥലത്തും തിരിച്ചടവ് വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഫലമായിട്ട് കൂടുതൽ റിക്കവറി ചെയ്യുന്നുണ്ട്. മോണിറ്ററിംഗ് സെൽ രൂപീകരിക്കുന്നകാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

<u>ശ്രീ. എ.കെ. മണി</u> : സർ, പി.എം. ആർ.വൈ പദ്ധതി മുഖേന ലോൺ കൊടുക്കുന്നതിന് അത്യാവശ്യം എസ്.എസ്.എൽ.സി പാസ്സാകണമെന്നാണ്. പൊതുവെ ബിസിനസും അതുപോലുള്ള കാര്യങ്ങളും ചെയ്യാനാണ് ലോൺ വാങ്ങുന്നത്. ഈ ക്വാളിഫിക്കേഷൻ റിലാക്സ് ചെയ്യാനുള്ള എന്തെങ്കിലും നടപടി ഗവൺമെന്റിൽ നിന്നും ഉണ്ടാകുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : സർ, ഇപ്പോൾ ക്വാളിഫിക്കേഷൻ റിലാക്സ് ചെയ്തിട്ടുണ്ട്. 8-ാം ക്ളാസ് വരെ പഠിച്ചവർക്കും ഇതിന്റെ പരിധിയിൽ ആനുകൂല്യം കൊടുക്കുന്നതാണ്.

<u>ഡോ. എം.എ. കുട്ടപ്പൻ</u> : സർ, ബഹുമാന്യനായ മന്ത്രി എന്തെല്ലാം അവകാശവാദം പറഞ്ഞാലും നമ്മുടെ ഷെഡ്യൂൾഡ് ബാങ്കുകൾ പി.എം. ആർ.വൈ. വായ്പ അനുവദിക്കുന്ന കാര്യത്തിൽ എതിരായ നിലപാടാണ് എടുത്തിരിക്കുന്നത്. സർക്കാർ ബാങ്കുകൾ നൽകുന്നതുപോലുള്ള വായ്പ ഷെഡ്യൂൾഡ് ബാങ്കുകളും നൽകുന്ന കാര്യത്തിൽ നിർബന്ധിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : സർ, ബാങ്കുകൾ നമ്മോട് നിഷേധാത്മകമായ ഒരു സമീപനം സ്വീകരിക്കുന്നുണ്ട്. അത് പരിഹരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. സ്റ്റേറ്റ് ലെവൽ കമ്മിറ്റികളൊക്കെതന്നെ ഈ വിഷയങ്ങൾ ചർച്ച ചെയ്യുന്നുണ്ട്. അതിന്റെ ഫലമായി ചെറിയ മാറ്റങ്ങൾ വരുത്താൻ ബാങ്കുകൾ തയ്യാറായി മുന്നോട്ടുവരുന്നുണ്ട്.

<u>ഡോ. എം.എ. കുട്ടപ്പൻ</u> : സർ, ടി ചോദ്യത്തിന് പറഞ്ഞ മറുപടി കണക്കാക്കിയിട്ടില്ല എന്നാണ്. ജില്ലാതല റിവ്യൂ യോഗത്തിൽ പ്രത്യേകിച്ച് ഷെഡ്യൂൾഡ് ബാങ്കുകളിലെ ആളുകൾ പറയുന്നത് റിക്കവറി വേണ്ടത്ര ഇല്ല എന്നാണ്. സർക്കാരിന്റെ മറുപടിയിൽ അത് കണക്കാക്കിയിട്ടില്ല എന്നു പറയുന്നു. യഥാർത്ഥത്തിൽ റിക്കവറിയുടെ പ്രശ്നം കൊണ്ടാണോ പി.എം. ആർ.വൈ ലോൺ എസ്.സി./എസ്.ടിക്കാർക്ക് അനുവദിക്കാത്തത്, അതല്ല മനഃപൂർവ്വം ആണോ; അതോ മറ്റ് കാരണങ്ങളുണ്ടോ എന്ന് ഒരു പഠനം നടത്തി വ്യക്തമാക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : സർ, ഞാൻ ആദ്യമേതന്നെ വ്യക്തമാക്കിയിരുന്നു. ചില സ്ഥലത്തൊക്കെ തിരിച്ചടയ്ക്കാത്ത പ്രശ്നമുണ്ട്. അതോടൊപ്പംതന്നെ ബാങ്കുകളുടെ സമീപനവും, നമുക്ക് ലോൺ തരുന്നതിൽ ഒരു നിഷേധാത്മകമായ സമീപനവും ഷെഡ്യൂൾഡ് ബാങ്കുകൾ സ്വീകരിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.സി. ജോർജ്ജ് : സർ, ബാങ്കുകൾ ലോൺ കൊടുക്കുന്നതിൽ കാണിക്കുന്ന തടസ്സമാണ് ഈ കാര്യത്തിൽ ഏറ്റവും വലിയ ബുദ്ധിമുട്ട് എന്ന് മനസ്സിലാക്കുന്നു. യഥാർത്ഥത്തിൽ ഞാൻ മനസ്സിലാക്കിയിടത്തോളം കോട്ടയത്തെ ഒരു റിവ്യൂവിൽ ഒരു ഉദ്യോഗസ്ഥൻ പറഞ്ഞു, ശരിയോ തെറ്റോ എന്ന്, എനിക്കറിയില്ല. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ പി.എം.ആർ.വൈ ഉൾപ്പെടെയുള്ള ലോണുകൾ തിരിച്ചടയ്ക്കുന്നതിൽ കേരളത്തിലെ ജനങ്ങളാണ് മുമ്പന്തിയിൽ എന്നാണ്. ആ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ. ഇല്ലെങ്കിൽ ഈ കാര്യം ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, അത് പരിശോധിച്ചിട്ടുണ്ട്. ലോൺ തിരിച്ചടയ്ക്കുന്ന കാര്യത്തിൽ കേരളം തന്നെയാണ് മുന്നിൽ എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. എന്നിട്ടും കേരളത്തോടുള്ള ഒരു അവഗണന നിലനിൽക്കുന്നുണ്ട്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, ബാങ്കുകൾ പി.എം.ആർ.വൈ. ലോൺ നൽകുന്നതിന് നിഷേധാത്മകമായ സമീപനമാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് ബഹു. മന്ത്രി ഇവിടെ പറഞ്ഞു. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ലീഡ് ബാങ്കിന്റെ നേതൃത്വത്തിൽ ചർച്ചകൾ ഒക്കെ സംഘടിപ്പിക്കാറുണ്ടെങ്കിലും ഫലപ്രദമായ യാതൊരു കരുനീക്കങ്ങളും ഉണ്ടാകാറില്ല. കർക്കശമായ ഒരു നിലപാട് സർക്കാർ കൈക്കൊണ്ട് ലോൺ കൂടുതൽപേർക്ക് ലഭ്യമാകുന്ന സാഹചര്യം ഉണ്ടാക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, കർക്കശമായ നിലപാട് സ്വീകരിക്കുക എന്നുപറഞ്ഞാൽ, നമ്മുടെ ഈ സഭയിൽത്തന്നെ ഇതുസംബന്ധിച്ച പ്രമേയം പാസ്സാക്കി അയച്ചിട്ടുള്ളതാണ്. അതുപോലെ പല സന്ദർഭങ്ങളിലും ധനകാര്യമന്ത്രിമാരുടെ യോഗങ്ങളിലും മുഖ്യമന്ത്രിമാരുടെ യോഗങ്ങളിലും ഈ വിഷയം ഉന്നയിക്കാറുണ്ട്. വേണ്ടത്ര പരിഗണന ലഭിച്ചിട്ടില്ല.

ശ്രീ. സി.പി. ബാലൻ വൈദ്യർ : സർ, ദേശവൽകൃത ബാങ്കുകളിൽ നമ്മുടെ സംസ്ഥാനത്തുനിന്നും ഉള്ള നിക്ഷേപത്തിന്റെ തോതു വച്ചുകൊണ്ട്, ആ തോതിന് അനുസരിച്ച് വിഹിതം സംസ്ഥാനത്ത് അവർ ചെലവാക്കുന്നില്ല എന്ന ശക്തമായ പരാതി വന്നതാണ്. അതിൽ ഏറ്റവും കൂടുതൽ അവഗണന പി.എം.ആർ.വൈ.ലോണിന് അപേക്ഷിക്കുന്നവരുടെ അപേക്ഷകളിന്മേലാണ്. വസ്തു ഈടോ, മറ്റ് ഷുവർട്ടിയോ ഇല്ല എന്നതിന്റെ പേരിൽ ഇവർക്ക് ലോൺ കൊടുക്കാൻ വിസമ്മതിക്കുന്ന ബാങ്കുകാരെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിനുതന്നെ അത്തരം ബാങ്കുകളിലെ ഉയർന്ന ഉദ്യോഗസ്ഥന്മാരെ വിളിച്ച് ചർച്ച നടത്തി ആവശ്യക്കാർക്ക് സമയത്തിന് ലോൺകൊടുക്കാനും അതുപോലെ ലോൺ കിട്ടുന്നവർക്ക് വേണ്ട പശ്ചാത്തല സൗകര്യം വളരെ പെട്ടെന്ന് കിട്ടാനും വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : ഒരു ലക്ഷം രൂപവരെ ഈടില്ലാതെ കൊടുക്കണം എന്നാണ് നിർദ്ദേശം. അതുതന്നെയാണ് ഇപ്പോഴും നടപ്പിലാക്കുന്നത്. ഒരു ലക്ഷത്തിലധികം വരുന്ന സംഖ്യയ്ക്കാണ് ഈട് കൊടുക്കേണ്ടിവരുന്നത്. ഇവർക്ക് പശ്ചാത്തല സൗകര്യം ഒരുക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടുതൽ ആളുകൾക്ക് ലോൺ ലഭ്യമാക്കാൻ വേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.എം. ജേക്കബ് : പി.എം.ആർ.വൈ.ലോൺ നൽകാൻ ബാങ്കുകാർ വൈമുഖ്യം പ്രകടിപ്പിക്കുന്നത് എടുക്കുന്ന ലോൺ പലപ്പോഴും തിരിച്ചടയ്ക്കാറില്ല. അതുകൊണ്ട്.....(ബഹളം)..... ഇതറിയാവുന്നതുകൊണ്ട് പറഞ്ഞതാണ്. അർഹതപ്പെട്ട ആളുകൾക്ക് പി.എം.ആർ.വൈ.ലോൺ കിട്ടാൻ നടപടി സർക്കാർ സ്വീകരിക്കേണ്ടത് ആവശ്യമാണ്. അതുകൊണ്ട് ലോൺ ആപ്ലിക്കന്റ്സായിട്ട് വരുന്നയാളുകൾ ഏതു മേഖലയുമായി ബന്ധപ്പെട്ടതാണ് എന്നുള്ളത് മനസ്സിലാക്കി ഗവൺമെന്റിന്റെ ഏജൻസി കൂടി ഇതിനകത്ത് ഇടപെട്ടാൽ അർഹതപ്പെട്ട എല്ലാവർക്കും കിട്ടും. അതല്ല എത്ര പ്രാവശ്യം പ്രമേയം പാസാക്കിയാലും ബാങ്കുകാർ അതിന് വൈമുഖ്യം കാണിക്കണം. കാരണം അവർക്ക് തിരിച്ച് റീ പേമെന്റില്ല.....(ബഹളം).....അതുകൊണ്ട് ലോൺ അർഹതപ്പെട്ടവർക്കു കിട്ടണമെങ്കിൽ ഗവൺമെന്റുകൂടി ഇടപെട്ട് എന്തെങ്കിലും ഒരു സംവിധാനം ഉണ്ടാക്കിയാലേ പറ്റൂ. അതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : റീ പേമെന്റിന്റെ കാര്യത്തിൽ കേരളമാണ് മുന്നിലെന്ന് ഞാൻ നേരത്തെ വ്യക്തമാക്കിയതാണ്. ഇവർക്ക് പരിശീലനം കൊടുക്കാനും അതുപോലെതന്നെ ലോൺ കൃത്യമായി മേടിച്ചുകൊടുക്കാനും, ജില്ലാ വ്യവസായ കേന്ദ്രങ്ങളിലൂടെ പ്രത്യേക സംവിധാനം തന്നെ ഏർപ്പെടുത്തിയിട്ടുണ്ട്. ഓരോ ജില്ലയിലും ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ പി.എം.ആർ.വൈ. അനുസരിച്ച് ലോൺ വാങ്ങിക്കൊടുക്കാനും ലോണുപയോഗിച്ചു നല്ല രീതിയിലുള്ള വ്യവസായം നടത്താൻ വേണ്ട പരിശീലനം നൽകാനും ഉൾപ്പെടെയുള്ള കാര്യങ്ങൾ ഗവൺമെന്റ് ചെയ്യുന്നുണ്ട്.

ശ്രീ. പി.പി. തങ്കച്ചൻ : ഈ വായ്പകൾ കൊടുക്കുന്ന കാര്യത്തിൽ നാഷണലൈസ്ഡ് ബാങ്ക് പലപ്പോഴും വിമുഖത കാണിക്കുന്നു എന്നുള്ള പരാതിയുടെ അടിസ്ഥാനത്തിൽ നമ്മുടെ സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന സഹകരണബാങ്കുകൾ ഈ വായ്പ കൊടുക്കുന്ന കാര്യത്തിൽ അവരെക്കൂടി ബന്ധിപ്പിക്കാൻ വേണ്ട ആലോചന ഗവൺമെന്റ് എടുക്കുമോ? കൂടുതൽ കാര്യക്ഷമമാക്കാൻ വേണ്ടിയിട്ട് സഹകരണബാങ്കുകളെക്കൂടി ഈ കാര്യത്തിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : സഹകരണബാങ്കുകളെക്കൂടി ബന്ധിപ്പിക്കുന്ന കാര്യം ആലോചിക്കാം. അക്കാര്യം പരിശോധിക്കാവുന്നതാണ്.

ശ്രീ. കെ.സി. വേണുഗോപാൽ : ലീഡ് ബാങ്കുകളുടെ റിവ്യൂ മീറ്റിംഗ് കഴിഞ്ഞുവന്നപ്പോൾ വളരെ ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ് സംസ്ഥാനത്ത് ഉടനീളം ഉണ്ടായിരിക്കുന്നത്. പി.എം.ആർ.വൈ. കൊടുക്കാൻ നമ്മുടെ ദേശസാൽകൃതബാങ്കുകളിൽ അവരുടെ ടാർജറ്റ് ഇഷ്യൂ ചെയ്യുന്ന കാര്യത്തിൽ 40% പോലും തയ്യാറായിട്ടില്ല. ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ എന്നുപറയുന്നത് കേരളത്തിൽ 32% ഇപ്പോഴും നിൽക്കുകയാണ്. ആലപ്പുഴ ജില്ലയിൽ മാത്രം 1800 കോടി രൂപയാണ് ദേശസാൽകൃതബാങ്കിൽ നിക്ഷേപമുള്ളത്. പക്ഷെ 40% പോലും ഈ സംസ്ഥാനത്ത് കൊടുക്കാൻ അവർ തയ്യാറാകുന്നില്ല. വെറുതേ ഗവൺമെന്റ് പ്രമേയം പാസാക്കിയതുകൊണ്ട് കാര്യമില്ല. അവർ പറയുന്ന പ്രധാനപ്പെട്ട ഒരു പോയിന്റ്; പുതിയ പ്രോജക്ടുകൾ ഇല്ല. പി.എം. ആർ.വൈ.ക്ക് ആണെങ്കിൽ ഓട്ടോറിക്ഷ വാങ്ങാനാണ്. ഈ ഓട്ടോറിക്ഷകൾ നിറഞ്ഞുകൊണ്ടിരിക്കുകയാണ്. പുതിയ പ്രോജക്ടുകൾ ഉണ്ടാക്കിക്കൊടു

ക്കാൻ അത് പൈലറ്റ് ചെയ്യാൻ ഈ ഗവൺമെന്റിന് വല്ല പോളിസിയും ഉണ്ടോ, വല്ല പരിപാടിയും ഉണ്ടോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : 111 പുതിയ പ്രോജക്ടുകൾ ഉണ്ടാക്കിക്കൊടുക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വയബിൾ പ്രോജക്ട് തന്നെ ഉണ്ടാക്കിയിട്ടുണ്ട്. അതുപോലെതന്നെ ഇവർക്കുവേണ്ട എല്ലാത്തരത്തിലുള്ള സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നുണ്ട്. പക്ഷെ തരുന്നില്ല എന്നുള്ള തെറ്റ് നിലനിൽക്കുകയാണ്.

<u>ശ്രീ. തോമസ് ചാഴികാടൻ</u> : പി.എം.ആർ.വൈ. ഉൾപ്പെടെയുള്ള ഗവൺമെന്റ് സഹായത്തോടുകൂടി നൽകുന്ന വായ്പകൾക്ക് അപേക്ഷ സമർപ്പിക്കുന്നവർക്ക് പരിശീലനത്തിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ബഹു.മന്ത്രി പറഞ്ഞു. യഥാർത്ഥത്തിൽ പലപ്പോഴും ഈ അപേക്ഷകർക്ക് വായ്പകൾ നിഷേധിക്കാറുണ്ട്. ഈ വായ്പാ അപേക്ഷകരെ ഇന്റർവ്യൂ നടത്തുമ്പോൾ അപേക്ഷ ഡി.ഐ.സി.യിൽ നിന്ന് നേരിട്ട് ബാങ്കിലേക്ക് അയച്ചിട്ട് ബാങ്ക് മാനേജർ മാത്രം ഇന്റർവ്യൂ നടത്തുന്നതിനുപകരം ഡി.ഐ.സി. ഇന്റർവ്യൂ നടത്തുന്ന അവസരത്തിൽ ബാങ്ക് മാനേജർമാരുടെ പ്രതിനിധികളെക്കൂടി വിളിച്ചുവരുത്തി അവിടെ വച്ചുതന്നെ സെലക്ഷൻ പ്രോസസ്സ് പൂർത്തിയാക്കിയാൽ മിക്കവാറും അപേക്ഷകൾക്കെല്ലാം വായ്പ ലഭിക്കുന്ന സാഹചര്യം ഉണ്ടാകും. ബാങ്കിൽ ചെന്നതിനുശേഷം അത് റിജക്ട് ചെയ്യുന്നതിനുള്ള സാഹചര്യം ഒഴിവാക്കിക്കിട്ടാനും കഴിയും. അങ്ങനെ ഒരു നടപടിയിലേക്ക് പോകുവാനായി ബന്ധപ്പെട്ടവർക്ക് നിർദ്ദേശം കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : ഇപ്പോൾത്തന്നെ ഡി.ഐ.സി.യിലെ ആളുകൾ ബന്ധപ്പെട്ടുകൊണ്ടു തന്നെയാണ് ലോൺ കൊടുത്തുകൊണ്ടിരിക്കുന്നത്. ഇപ്പോൾ അതിലെന്തെങ്കിലും പോരായ്മ ഉണ്ടെങ്കിൽ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u> : സാധാരണക്കാർക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള സഹായപദ്ധതി സാമൂഹ്യക്ഷേമ പദ്ധതികൾ, പി.എം.ആർ.വൈ., ഡി.ആർ.ഡി.എ. പോലുള്ള പദ്ധതികളിൽ വൻതോതിലുള്ള വെട്ടിക്കുറയ്ക്കലുകൾ വരുത്തിയിട്ടുള്ളത് സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിൽ അതിശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നതിന് തയ്യാറാകുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : ഡി.ആർ.ഡി.എ. അല്ല ഡി.ഡബ്ല്യു.സി. ആർ.എ.ആണ് വെട്ടിക്കുറച്ചിരിക്കുന്നത്. അതുപോലെ ചിലത് കേന്ദ്ര ഗവൺമെന്റും വെട്ടിക്കുറയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരാനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്.

<u>ശ്രീ. തമ്പാനൂർ രവി</u> : പി.എം.ആർ.വൈ.സ്കീം ഉൾപ്പെടെ പല സ്കീമുകൾക്കും വായ്പ കൊടുക്കാത്ത ബാങ്കുകളുടെ ഡെപ്പോസിറ്റിന്റെ നല്ല ശതമാനം, സംസ്ഥാന ഗവൺമെന്റിന്റെ ഫണ്ടുകളും, പബ്ലിക് സെക്ടർ ഫണ്ടുമാണ്. ഈ സ്കീമുകളോടു സഹകരിക്കാത്ത ഇത്തരം ബാങ്കുകളുടെ ഡെപ്പോസിറ്റ് അടിയന്തിരമായി പിൻവലിക്കാൻ സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : അത് ഗൗരവമായിട്ടുള്ള ഒരു വിഷയമാണ്. നമ്മൾ ചർച്ച ചെയ്യേണ്ടതാണ്.

<u>മി. സ്പീക്കർ</u> : അതൊക്കെ ആലോചിക്കേണ്ടി വരും.

LIBRARY ARCHIVES Kerala Legislative Assembly